**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** | **26-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ വി ജോയി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ മറയാക്കിക്കൊണ്ട് തൊഴിൽ സമയം ദീർഘിപ്പിക്കാനും തൊഴിൽ കേസുകൾ വഴി തൊഴിലാളികളുടെ അധികാരങ്ങൾ കവരാനും കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം മഹാമാരിയുടെ ആഘാതം തൊഴിലാളികളിൽ കൂടുതൽ തീവ്രമാക്കിയ കാര്യം പരിശോധനാവിധേയമാക്കിയിരുന്നോ; | (എ) | കോവിഡിനെ മറയാക്കിക്കൊണ്ട് തൊഴിൽ സമയം ദീർഘിപ്പിക്കാനും തൊഴിൽ കോഡുകൾ വഴി തൊഴിലാളികളുടെ അവകാശങ്ങൾ കവരാനും കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വരുമാനം നിലച്ച തൊഴിലാളികളുടെ അതിജീവനത്തിനായി സംസ്ഥാനത്ത് വിവിധ ക്ഷേമനിധി ബോർഡുകൾ വഴി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; ധനകമ്മിയുള്ള ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിരുന്നോ; | (ബി) | കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക് ഡൗണും കാരണം വരുമാനം നിലച്ച തൊഴിലാളികളുടെ അതി ജീവനത്തിനായി സർക്കാരും തൊഴിലാളി ക്ഷേമനിധി ബോർഡുകളും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ 1000/- രൂപ മുതൽ 3000/- രൂപ വരെ അനുവദിച്ച നൽകിയിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്ന 5 ക്ഷേമനിധി ബോർഡുകൾ 1000/- രൂപ മുതൽ 5000/- രൂപ വരെ ധനസഹായവും പരമാവധി 10,000/- രൂപ വരെ വായ്പയും അനുവദിച്ചിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിന്റെ പരിധിയിൽ ഉള്ള ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഒന്നാം ഘട്ടത്തിൽ ധനസഹായം നൽകുന്നതിനായി സർക്കാർ 357,38,97,840/- രൂപയും രണ്ടാം ഘട്ടം കോവിഡ് സഹായ വിതരണത്തിനായി 210,32,98,000/- രൂപയും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. |
| (സി) | ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണത്തിന് അവലംബിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കാമോ; | (സി) | ക്ഷേമനിധിബോർഡുകളുടെപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മന്ത്രി തലത്തിൽ ബോർഡുകളുടെ അവലോകന യോഗങ്ങൾ പ്രത്യേകമായി ചേർന്ന് പ്രവർത്തനം |

| | | | |
|---|---|---|---|
| | | | വിലയിരുത്തുകയും തുടർന്ന് ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ക്ഷേമനിധി ബോർഡുകളിലെ അംശദായം വർദ്ധിപ്പിച്ചിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അതോടൊപ്പം തന്നെ ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങളിൽ കാലോചിതമായ വർദ്ധനവ് വരുത്തി കൂടുതൽ തൊഴിലാളികളെ ബോർഡുകളിലേയ്ക്ക് ആകർഷിക്കാൻ നടപടിസ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ മുഴുവനും അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റത്തിന്റെ (AIIS) വിപുലീകരണം സംബന്ധിച്ചുള്ള നടപടികൾ നടന്നു വരുന്നു. ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേമനിധി ബോർഡുകളുടെ പുനരുദ്ധാരണത്തിൽ സംയോജനം ഉൾപ്പെടെയുള്ള മാർഗങ്ങൾ പരിശോധിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ശാക്തീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ